പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1348

15/06/2012-ൽ മറുപടിക്ക്

## മുനിസിപ്പാലിറ്റിയിലെ എൻ.ആർ.എച്ച്.എം.ജീവനക്കാരുടെ വേതനം.

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ബി.ഡി.ദേവസ്സി | | ശ്രീ. മഞ്ഞളാംകുഴി അലി, (മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| എ). പഞ്ചായത്തിലെ ദിവസവേതനക്കാരായ എൻ.ആർ.എച്ച്.എം. ജീവനക്കാർക്ക് വേതന കുടിശ്ശിക നൽകുന്നതിനും വേതന വർദ്ധന നടപ്പാക്കുന്നതിനും തീരുമാനിച്ച സാഹചര്യത്തിൽ ഇതേ വിഭാഗത്തിൽപ്പെട്ട മുനിസിപ്പാലിറ്റികളിലെ ജീവനക്കാർക്ക് ആയത് ഇനിയും ലഭ്യമാകാത്ത വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; പ്രസ്തുത ജീവനക്കാർക്ക് കൂടി വേതന കുടിശ്ശിക നൽകുന്നതിനും വേതനം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ ; | (എ) | ഉണ്ട്. ഇക്കാര്യം പരിശോധിച്ചു വരികയാണ്. |
| ബി) ചാലക്കുടി മുനിസിപ്പൽ ഹോമിയോ ഡിസ്പെൻസറിയിൽ എൻ.ആർ.എച്ച്.എം. അറ്റൻഡർ തസ്തികയിൽ ജോലി നോക്കിവരുന്ന ശ്രീമതി. ഷിൽഗ സാബുവിന് 2 വർഷമായി ശമ്പളം ലഭിക്കാത്തത് സംബന്ധിച്ച പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇവർക്ക് ശമ്പളം ലഭിക്കുന്നതിനാവശ്യമായ നടപടി അടിയന്തിരമായി സ്വീകരിക്കുമോ ? | ബി) | പരാതിയിലെ ആവശ്യം പരിശോധിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ.